**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8105 17.07.2014-ൽ മറുപടിക്ക്**

**മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മാത്യു.റ്റി.തോമസ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ദിവസേന എത്തിച്ചേരുന്ന രോഗികളുടെ അനുപാതത്തിനനുസരിച്ച് ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെ വിഭാഗത്തിൽ പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റിന്റെ തസ്തിക മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി എൻ.ആർ.എച്ച്.എം മുഖേന 3 ഡോക്ടർമാരുടെ സേവനം അധികമായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) ഓപ്പറേഷൻ തീയറ്ററിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന നടപടി നടന്നു കൊണ്ടിരിക്കുകയാണ്. വൈകാതെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമായ സാമഗ്രികൾ എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ; | (സി) ഓപ്പറേഷൻ തീയേറ്ററിന്റെ വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞാൻ തീയേറ്ററിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുവാൻ സാധിക്കും. |
| (ഡി) ദന്തഡോക്ടറെ നിയമിച്ചിട്ടും ഡെന്റൽ കെയർ അടക്കമുള്ള സൗകര്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ല എന്നുള്ള പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) ഡെന്റൽ യൂണിറ്റിന്റെ പ്രാഥമിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനാവശ്യമായ ഫണ്ട് അഭ്യർത്ഥിച്ചുകൊണ്ട് എൻ.ആർ.എച്ച്.എം -ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ